**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1900** **11-10-2024 - ൽ മറുപടിയ്ക്ക്**

**പടലിക്കാട് ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | 2023-24 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടി രൂപ അനുവദിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പടലിക്കാട് ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണം പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 2023-24 വർഷത്തെ MLA ADS ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ പടലിക്കാട് ജി.എൽ.പി സ്കൂൾ ഗ്രൗണ്ട് നവീകരണത്തിന് 31.07.2024 തീയതിയിലെ LSGD/JD/PKD/4225/2023-C4 നമ്പർ ഉത്തരവ് പ്രകാരം 1 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചും ഉത്തരവായി. 09.09.2024തീയതിയിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിയ്ക്ക് 92.59 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി 10.09.2024 തീയതിയിൽ പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിക്കുകയും ഇതനുസരിച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s വല്ലമറ്റം കൺസ്ട്രക്ഷൻസ്, എറണാകുളം എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഈ പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം നിർമ്മാണ, നവീകരണ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | മഡ് ഫ്ലോർ, സൈഡ് കവറിംഗ്, ലൈറ്റിംഗ് എന്നിവയുള്ള ഒരു ഇൻഡോർ കോർട്ടിന്റെ നിർമ്മാണമാണ് ഈ പ്രവർത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഫ്ളഡ് ലൈറ്റിംഗ്, ഉദ്ഘാടന ശില എന്നിവയോടു കൂടിയ വൈദ്യുതീകരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ